www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

2026 SEPTEMBER 10 THURSDAY

# വിപണിയിൽ ഐപിഒ തിരക്ക്

**മുംബൈ:** ഇന്ത്യൻ പ്രൈമറി വിപണിക്ക് വളരെ തിരക്കേറിയ ആഴ്ചയാണ്. സബ്സ്ക്രിപ്ഷനായി 12 മെയിൻബോർഡ് ഐപിഒ കളാണ് ഈ ആഴ്ച നടക്കുന്നത്. ഇതിന്റെ ഭാഗമായി പ്രൈമറി വിപണി ഇന്നലെ അപൂർവമായൊരു ചരിത്ര മുഹൂർത്തത്തിനാണ് സാക്ഷ്യം വഹിച്ചത്. ഒരൊറ്റ ദിവസം മാത്രം ആറ് മെയിൻബോർഡ് ഐപിഒകളാണ് നിക്ഷേപകർക്കായി തുറന്നത്.

പ്രൈം ഡാറ്റാബേസിന്റെ റിപ്പോർട്ട് പ്രകാരം, 1996 ഒക്ടോബർ 14ന് ശേഷം ആദ്യമായാണ് ഒരേ ദിവസം തന്നെ ആറ് ഐപിഒകൾ പ്രാഥമിക വിപണിയിലെത്തുന്നത്. ഏഴ് ഐപിഒ ഒരേ ദിവസം എത്തിയിട്ടുണ്ട്. അത് 1996 ഒക്ടോബർ 28 ന് ആയിരുന്നു. ഐപിഒ മാർക്കറ്റിന് അനുകൂല വർഷങ്ങളായിരുന്നു 1995 നും 1996 നും ഇടയിൽ. 10 പബ്ലിക് ഓഫറുകൾ ഒരുമിച്ച് ദലാൽ സ്ട്രീറ്റിൽ എത്തിയ ദിവസങ്ങളുമുണ്ട്.




പ്രാഥമിക വിപണിയിലെത്തുന്ന ആറ് കമ്പനികളും ചേർന്ന് ആകെ 4,386 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. റെൻറോമോജോ ലിമിറ്റഡ്, അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ഇന്ത്യ ലിമിറ്റഡ്, മണിപ്പാൽ പേമെന്റ് & ഐഡന്റിറ്റി സൊല്യൂഷൻസ്, സ്റ്റീംഹൗസ് ഇന്ത്യ, എൽസിസി പ്രോജക്ട്സ് , കർമതാര എൻജിനിയറിംഗ് എന്നിവയാണ് കമ്പനികൾ. 30 വർഷം മുൻപത്തെ സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ, പ്രാഥമിക വിപണിയുടെ വ്യാപ്തി എത്രയധികം മാറിയിട്ടുണ്ടെന്ന് ഒറ്റനോട്ടത്തിൽതന്നെ വ്യക്തമാകും.

1996ൽ ഒരൊറ്റ ദിവസം വന്ന ആറ് ഐപിഒകളും ചേർന്ന് ആകെ 22 കോടി രൂപ മാത്രമാണ് സമാഹരിച്ചത്. എന്നാൽ ഈ വ്യാപാര ആഴ്ചയിൽ, 7 മുതൽ 11 വരെ മാത്രം മൊത്തം 12 മെയിൻബോർഡ് ഐപിഒകളിലായി 7,180 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

ഈ വർഷം ഓഗസ്റ്റ് വരെയുള്ള കണക്കു പ്രകാരം 62 മെയിൻബോർഡ് കമ്പനികൾ പ്രാഥമിക ഓഹരി വിൽപനയിലൂടെ 73,668.97 കോടി രൂപ സമാഹരിച്ചു. ജൂലൈയിലെ 12 ഐപിഒകളിലൂടെ 28,648.49 കോടി രൂപയാണ് നേടിയത്. ഓഗസ്റ്റിൽ 23 കമ്പനികൾ ചേർന്ന് 22,448,27 കോടി രൂപ സമാഹരിച്ചു. ഇത് വർഷത്തിന്റെ രണ്ടാം പകുതിയിൽ പ്രൈമറി മാർക്കറ്റിലുണ്ടായ ശക്തമായ മുന്നേറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

മ്യൂചൽ ഫണ്ടുകളിലേക്ക് ഓരോ മാസവും വൻതോതിൽ പണം എത്തുന്നുണ്ട്. സെക്കൻഡറി മാർക്കറ്റിൽ നിക്ഷേപത്തിനു പരിധിയുള്ളതിനാൽ, ഈ ഫണ്ടുകൾ പുതിയ അവസരങ്ങൾക്കായി കാത്തിരിക്കുകയാണ്.

## കോർ റിന്യൂ എക്സ്പോ എനർജി കോൺക്ലേവ് 11 മുതൽ

**കൊച്ചി:** കോൺഫെഡറേഷൻ ഓഫ് റിന്യൂവബിൾ എനർജി (സിഒആർഇ) സംഘടിപ്പിക്കുന്ന കോർ റിന്യൂ എക്സ്പോ എനർജി കോൺക്ലേവ് 11 മുതൽ 13 വരെ കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. കേന്ദ്രസർക്കാരിന്റെ പിഎം സൂര്യഘർ പദ്ധതിയിലൂടെ ലഭ്യമാകുന്ന 78,000 രൂപ വരെയുള്ള സബ്സിഡിയും ഈടില്ലാത്ത ബാങ്ക് വായ്പകളും സംബന്ധിച്ചു പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുകയാണു പരിപാടിയുടെ ലക്ഷ്യം.

സൗരോർജരംഗത്തെ നിർമാതാക്കൾ, ഇപിസി കരാറുകാർ, സാങ്കേതികദാതാക്കൾ, നിക്ഷേപകർ, വിതരണക്കാർ, നയരൂപീകരണ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. സംസ്ഥാനത്തു പ്രവർത്തിക്കുന്ന 1500ത്തോളം ഇൻസ്റ്റലേഷൻ ഏജൻസികൾക്ക് രാജ്യത്തെയും ആഗോളതലത്തിലെയും പ്രമുഖ നിർമാതാക്കളുമായി നേരിട്ട് ആശയവിനിമയം നടത്താനും ബിസിനസ് പങ്കാളിത്തം ഉറപ്പാക്കാനും ഈ മേള അവസരമൊരുക്കും.

11ന് വൈദ്യുതി വകുപ്പ് മന്ത്രി സണ്ണി ജോസഫ് എക്സിബിഷൻ സ്റ്റാളുകളുടെ ഉദ്ഘാടനം നിർവഹിക്കും. 12ന് മുഖ്യമന്ത്രി വി.ഡി. സതീശൻ എനർജി കോൺക്ലേവും എക്സ്പോയും ഉദ്ഘാടനം ചെയ്യും.

കെഎസ്ഇബി, കേന്ദ്ര ഊർജ മന്ത്രാലയം, ആർഇസി, എനർജി മാനേജ്മെന്റ് സെൻറർ കേരള, അനർട്ട് എന്നിവയുടെ സഹകരണത്തോടെയാണ് എക്സ്പോ സംഘടിപ്പിക്കുന്നത്. രാവിലെ ഒൻപതു മുതൽ രാത്രി 7.30 വരെയാണ് മേള.

## കേരളത്തിലെ കർഷകർക്ക് ഉത്തർപ്രദേശിലേക്ക് ക്ഷണം

**ലഖ്നൗ:** വിനോദസഞ്ചാരം, നിക്ഷേപം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ കേരളത്തിനും ഉത്തർപ്രദേശിനും സഹകരിച്ചു പ്രവർത്തിക്കാനാകുമെന്ന് 'ഇൻവെസ്റ്റ് യുപി' സിഇഒയും സംസ്ഥാന വ്യവസായ വകുപ്പ് സെക്രട്ടറിയുമായ വിജയ് കിരൺ ആനന്ദ്. യുപി പഠന പര്യടനത്തിനെത്തിയ കേരളത്തിൽ നിന്നുള്ള മാധ്യമസംഘവുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആരോഗ്യം, വിദ്യാഭ്യാസം, ഐടി, ടൂറിസം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച പുരോഗതി യുപി പാഠമാക്കും. ലുലു ഗ്രൂപ്പ്, അമൃത ആശുപത്രി തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ യുപിയിൽ വലിയ നിക്ഷേപം നടത്തിയിട്ടുണ്ട്. കൂടുതൽ നിക്ഷേപകർ കേരളത്തിൽ നിന്നെത്തണം. അവർക്ക് എല്ലാ സൗകര്യങ്ങളും അതിവേഗം ലഭ്യമാക്കും. ആലപ്പുഴ, മൂന്നാർ തുടങ്ങിയ ടൂറിസം മോഡലുകൾ പഠിക്കാൻ യുപിയിൽ നിന്ന് സംഘത്തെ അയയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

## പോപ്കോണിന് ചെലവ് 35 രൂപ, വിൽപന 500 രൂപയ്ക്ക്

**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ ജില്ലകളിലെ തിയറ്ററുകളിലും മൾട്ടിപ്ലക്സുകളിലും ഭക്ഷണസാധനങ്ങൾക്കും കുടിവെള്ളത്തിനും സോഫ്റ്റ് ഡ്രിങ്കിനും അമിതവില ഈടാക്കുന്നുവെന്ന പരാതിയെത്തുടർന്ന് ലീഗൽ മെട്രോളജി വകുപ്പ് വ്യാപക പരിശോധന നടത്തി. ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് വിവിധ സ്ഥലങ്ങളിൽ കേസെടുക്കുകയും നോട്ടിസ് നൽകുകയും ചെയ്തു. പോപ്കോൺ അടക്കമുള്ള വിഭവങ്ങളിൽ അളവിൽ കുറവുവരുത്തി വിൽപന നടത്തിയതിന് കാസർകോട്, മലപ്പുറം ജില്ലകളിൽ ഓരോ കേസ് റജിസ്റ്റർ ചെയ്തു. നിയമാനുസൃത മുദ്ര പതിക്കാത്ത ത്രാസുകൾ ഉപയോഗിച്ച് വിൽപന നടത്തിയതിന് കാസർകോട് ജില്ലയിൽ 3 കേസെടുത്തു. അളവുകളിൽ, തൂക്കം രേഖപ്പെടുത്താതെ വിൽപന നടത്തിയതിന് കണ്ണൂർ ജില്ലയിൽ 4 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടിസ് നൽകി.




## പെട്രോൾ കാറുകളെ കടത്തിവെട്ടി സിഎൻജിയും ഇവിയും; കേരളത്തിലും ഇലക്ട്രിക് തരംഗം

ന്യൂദൽഹി: ചരിത്രത്തിലാദ്യമായി പാസഞ്ചർ വാഹനങ്ങളുടെ വിൽപനയിൽ പെട്രോളിനെ കടത്തിവെട്ടി ബദൽ ഇന്ധന വാഹനങ്ങൾ. ബദൽ ഇന്ധനങ്ങളുപയോഗിക്കുന്ന സിഎൻജി, ഹൈബ്രിഡ്, ഇലക്ട്രിക് വാഹനങ്ങൾ എന്നിവ കൂടിച്ചേർന്ന് 41.95% വിപണി വിഹിതം നേടിയപ്പോൾ, പെട്രോൾ കാറുകളുടെ വിഹിതം 40.85 ശതമാനമായി ചുരുങ്ങി.

ഒരു വർഷം മുൻപ് വരെ പെട്രോൾ വാഹനങ്ങൾ വിൽപനയിൽ 11 ശതമാനത്തിലധികം ലീഡ് നിലനിർത്തിയിരുന്ന സ്ഥാനത്താണ് ഈ മാറ്റം. സിഎൻജി (25.28%), ഹൈബ്രിഡ് (9.04%), ഇലക്ട്രിക് (7.63%) എന്നിങ്ങനെയാണ് വിപണി വിഹിതം. ഫെഡറേഷൻ ഓഫ് ഓട്ടമൊബീൽ ഡീലേഴ്സ് അസോസിയേഷൻ (ഫാഡ) പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരമാണിത്.

കഴിഞ്ഞ ഓഗസ്റ്റിൽ യാത്രാ വാഹനങ്ങളുടെ വിൽപന 4 ലക്ഷം കടന്നു. ഓഗസ്റ്റ് മാസത്തെ ഏറ്റവും മികച്ച വിൽപനയാണ് ഈ വർഷം രേഖപ്പെടുത്തിയത്. മുൻവർഷത്തെ അപേക്ഷിച്ച് 16.14% വർധന. രാജ്യത്തെ ആകെ വാഹന വിൽപന 17.51% ഉയർന്ന് 24,23,201 യൂണിറ്റിലെത്തി. ആകെ ഇലക്ട്രിക് വാഹന വിൽപന 2,98,448 യൂണിറ്റുകളിലെത്തി. ഇതോടെ വാഹന വിപണിയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിഹിതം 12.3 ശതമാനമായി ഉയർന്നു.




കേരളത്തിൽ പെട്രോൾ മോഡലുകളുടെ സ്വീകാര്യത കാര്യമായി മങ്ങിയിട്ടില്ലെങ്കിലും ഇലക്ട്രിക് വാഹനങ്ങളുടെ വിഹിതവും കുതിച്ചുകയറുകയാണ്. കഴിഞ്ഞമാസത്തെ കണക്കെടുത്താൽ 15,212 ഇലക്ട്രിക് വാഹനങ്ങളാണ് പുതുതായി കേരളത്തിൽ നിരത്തിലിറങ്ങിയതെന്ന് പരിവാഹൻ റജിസ്ട്രേഷൻ കണക്കുകൾ വ്യക്തമാക്കുന്നു. പെട്രോൾ/പെട്രോൾ ഇ20 ഇനത്തിൽ 76,505 വാഹനങ്ങൾ കഴിഞ്ഞ മാസം റജിസ്റ്റർ ചെയ്തു.

1684 പെട്രോൾ സിഎൻജി, 346 പെട്രോൾ ഹൈബ്രിഡ്, 1939 പെട്രോൾ ഇ20 ഹൈബ്രിഡ്, 766 സിഎൻജി, 26 പെട്രോൾ ഇ20 സിഎൻജി, 2 ഫ്ലെക്സ് ഫ്യൂവൽ എഥനോൾ എന്നിങ്ങനെ വാഹനങ്ങളുടെ റജിസ്ട്രേഷനും നടന്നു. വിറ്റഴിഞ്ഞ ഡീസൽ എൻജിൻ വാഹനങ്ങൾ 6596 എണ്ണം മാത്രമാണ്. 28 ഡീസൽ ഹൈബ്രിഡ് വാഹനങ്ങളും റജിസ്റ്റർ ചെയ്തു.

# മഹാത്മാഗാന്ധി സർവകലാശാലയിൽ വിദ്യാർത്ഥികൾക്കായി ഹോപ് ഫണ്ട്

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലാ വിദ്യാർത്ഥികൾക്കായി 'ഹോപ് ഫണ്ട്  ഒറ്റത്തവണ മാനുഷിക സഹായം' എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കാൻ സെപ്റ്റംബർ8ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

വിവിധ കാരണങ്ങളാൽ അടിയന്തര സാമ്പത്തിക സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഒരു കൈത്താങ്ങായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലെ വിദ്യാർത്ഥി സഹായനിധി വഴി പരമാവധി പതിനായിരം രൂപയാണ് നൽകാനാകുന്നത്. എന്നാൽ പുതിയ ഫണ്ടിൽ പരമാവധി തുക ഒരു ലക്ഷം രൂപയാണ്.

വാഹനാപകടത്തിനിരയായ സർവകലാശാലയിലെ പി.എച്.ഡി. വിദ്യാർത്ഥിയായ ആനന്ദ് ജോഷി നൽകിയ അപേക്ഷയിൽ ഒരു ലക്ഷം രൂപ അനുവദിക്കാനും സിൻഡിക്കേറ്റ് തീരുമാനമായി. ആനന്ദ് ജോഷിയാണ് ഹോപ് ഫണ്ടിന്റെ ആദ്യ ഗുണഭോക്താവ്. നിലവിലെ വിദ്യാർത്ഥി സഹായനിധിയിൽ പി.എച്.ഡി. ഗവേഷകർ ഉൾപ്പെട്ടിരുന്നില്ല.

പഠന കാലയളവിൽ ഒറ്റത്തവണ മാത്രമേ ഹോപ് ഫണ്ട് സ്വീകരിക്കാൻ ഒരു വിദ്യാർത്ഥിക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. അക്കാദമിക് പ്രകടനം, പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ സർവകലാശാല പരിശോധിക്കും. കുടുംബത്തിന്റെ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കൂടരുത്. അതേ കാര്യത്തിനായി ഇൻഷുറൻസ് തുക കൈപ്പറ്റാനും പാടുള്ളതല്ല.

സിൻഡിക്കേറ്റിന്റെ സ്റ്റുഡന്റ് വെൽഫയർ ആന്റ് ഗ്രീവൻസസ് സ്റ്റാന്റിംങ് കമ്മറ്റിയുടെ മുൻകൈയിലാണ് പുതിയ പദ്ധതി തയ്യാറാക്കിയത്.

വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അധ്യക്ഷത വഹിച്ച സിൻഡിക്കേറ്റ് യോഗത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, പ്രൊഫ. പി.കെ. മോഹൻരാജ്,  ഡോ. ജോബിൻ ജോസ്, ഡോ. അൽസൺ മാർട്ട്, ഡോ. മജോ. വി. കുരിയാക്കോസ്, ഡോ. രാജേഷ് കോമത്ത്, അഡ്വ. കെ. എം. മിജാസ്, ഡോ. ആതിര പ്രകാശ്, പ്രൊഫ. (ഡോ.) റോബിനെറ്റ് ജേക്കബ്, പ്രൊഫ. (ഡോ.) ആർ. വസന്തഗോപാൽ, പ്രൊഫ. (ഡോ.) പ്രമോദ് ഗോപിനാഥ്, ഡോ. ഗിരീഷ് കുമാർ ജി. എസ്., ഡോ. ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, ഡോ. ഷഹവാസ് ഷെരീഫ് പി., ഡോ. റെജിമോൻ പി. കെ., അബ്ദുൽ ലത്തീഫ്, എം. എൽ. എ. മാത്യു കുഴൽനാടൻ, ആൻ സെബാസ്റ്റ്യൻ, രജിസ്ട്രാർ ബിനു ജോർജ് വർഗീസ്, സംസ്ഥാന ഫിനാൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറി കെ. അനിൽ കുമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി ഡാർലി ജോസഫ് തുടങ്ങിയവ!ർ പങ്കെടുത്തു.



# നോർക്ക കെയർ പ്ലസിൽ സംസ്ഥാനത്തെ മൂവായിരത്തിലധികം അക്ഷയ സെൻററുകൾ വഴിയും എൻറോൾ ചെയ്യാം

**തിരുവനന്തപുരം:** കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള പ്രവാസി കേരളീയർക്കും കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ നോർക്ക റൂട്സ് വഴി നടപ്പാക്കുന്ന സമഗ്ര ആരോഗ്യ, അപകട ഇൻഷുറൻസ് പദ്ധതിയായ  നോർക്ക കെയർ പ്ലസിൽ അക്ഷയ സെൻററുകൾ വഴിയും എൻറോൾ ചെയ്യാം. പരമാവധി ആളുകൾക്ക്  നോർക്ക കെയർ എൻറോൾമെൻറ് സേവനം ലഭിക്കുന്നതിനായാണ്  സംസ്ഥാനത്ത് എല്ലായിടത്തും സാന്നിധ്യമുള്ള അക്ഷയ കേന്ദ്രങ്ങളുമായി നോർക്ക റൂട്സ്  സഹകരിച്ചു പ്രവർത്തിക്കുന്നത്. ഇതിന്റെ  ഭാഗമായുള്ള പ്രചാരണ  പോസ്റ്ററുകൾ തിരുവനന്തപുരത്ത് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി പ്രകാശനം  ചെയ്തു. അക്ഷയ ഡയറക്ടർ സന്ദീപ് കുമാർ , നോർക്ക റൂട്സ് സി ഇ ഓ രാജേഷ് മാധവൻ , ജനറൽ മാനേജർ പ്രകാശ് പി ജോസഫ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാനത്തെ മൂവായിരത്തിലധികം അക്ഷയ കേന്ദ്രങ്ങളിൽ നോർക്ക കെയർ പ്ലസ് എൻറോൾമെൻറ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട് . ഒരു കോടി രൂപയുടെ വരെ ആരോഗ്യ ഇൻഷുറൻസും ഒരു കോടി രൂപ വരെ അപകട ഇൻഷുറൻസും ലഭിക്കുന്ന പദ്ധതിയാണ് നോർക്ക കെയർ പ്ലസ്. പങ്കാളി, കുട്ടികൾ എന്നിവർക്കൊപ്പം  80 വയസ്സ് വരെയുള്ള മാതാപിതാക്കളെയും ചേർക്കാം എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.

നിലവിലുള്ള രോഗങ്ങൾക്കും ക്ലെയിം ലഭിക്കും. പൊതുമേഖലാ  ഇൻഷുറൻസ് കമ്പനിയുമായി  ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.  നോർക്ക കെയർ പ്ലസ് പദ്ധതി ആദ്യ എൻറോൾമെൻറ് സമയത്ത് അംഗങ്ങളാകാൻ  കഴിയാത്തവർക്ക് ഒരു അവസരം കൂടി നൽകണമെന്ന് പ്രവാസികൾ ആവശ്യം ഉന്നയിച്ചിരുന്നു. സർക്കാർ ഇക്കാര്യം  പരിഗണിച്ചതിന്റെ  ഭാഗമായി രണ്ടാം ഘട്ട എൻറോൾമെൻറ് നടത്തിവരുന്നു.  സെപ്റ്റംബർ 18 വരെ പദ്ധതിയിൽ ചേരാം. ഓഗസ്റ്റ് 18 നു ആരംഭിച്ച രണ്ടാം ഘട്ട എൻറോൾമെന്റിൽ ഇതുവരെ ഇരുപത്തി മൂവായിരത്തോളം കുടുംബങ്ങൾ നോർക്ക കെയർ പ്ലസിൽ എൻറോൾ ചെയ്തിട്ടുണ്ട്. മൊത്തം എൻറോൾ ചെയ്ത കുടുംബങ്ങൾ അൻപത്തി അയ്യായിരമായി.

# ഡിജിറ്റൽ, എ.ഐ. സാക്ഷരതയ്ക്ക് പ്രാധാന്യം നൽകുമെന്ന് മന്ത്രി  ഷംസുദീൻ



**തിരുവനന്തപുരം:**  സംസ്ഥാനത്ത് ഡിജിറ്റൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) സാക്ഷരതയ്ക്ക് പ്രാധാന്യം നൽകുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. മാറുന്ന കാലഘട്ടത്തിനനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി സംഘടിപ്പിച്ച അന്താരാഷ്ട്ര സാക്ഷരതാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു ഷംസുദീൻ.

ബാങ്കിങ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി മാറിയ പുതിയ സാഹചര്യത്തിൽ കമ്പ്യൂട്ടർ സാക്ഷരത അനിവാര്യമാണ്. ഇതിന്റെ ഭാഗമായി പൊതുസമൂഹത്തിൽ ഡിജിറ്റൽ, എ.ഐ. സാക്ഷരത വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സാക്ഷരതാ മിഷൻ ഏറ്റെടുക്കുമെന്ന് മന്ത്രി പറഞ്ഞു.

തൊണ്ണൂറുകളുടെ തുടക്കത്തിൽ സമ്പൂർണ സാക്ഷരത കൈവരിച്ച കേരളം രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. അക്ഷരജ്ഞാനത്തിൽ മാത്രം ഒതുങ്ങാതെ തുടർ വിദ്യാഭ്യാസ പരിപാടികളിലൂടെയും തുല്യതാ പരീക്ഷകളിലൂടെയും നിരവധി പേർക്ക് ഉയർന്ന വിദ്യാഭ്യാസവും ബിരുദങ്ങളും നേടാൻ സാക്ഷരതാ മിഷനിലൂടെ കഴിഞ്ഞു. പഠനം മുടങ്ങിയവർക്ക് തുല്യതാ പരീക്ഷയിലൂടെ പഠനം പൂർത്തിയാക്കി അഭിഭാഷകരായി എൻറോൾ ചെയ്യാൻ സാധിച്ചതും സാക്ഷരതാ മിഷന്റെ സുപ്രധാന നേട്ടമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള ചങ്ങാതി, ട്രാൻസ്ജെൻഡർ വിഭാഗത്തിനായുള്ള സമന്വയ, കാഴ്ചപരിമിതർക്കായുള്ള ദീപ്തി, ജയിൽ അന്തേവാസികൾക്കായുള്ള ജയിൽ ജ്യോതി തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളാണ് സാക്ഷരതാ മിഷൻ നടത്തിവരുന്നത്. സാമ്പത്തിക, സൈബർ, നിയമ സാക്ഷരതാ പ്രവർത്തനങ്ങളും ഇതോടൊപ്പം നടപ്പാക്കുന്നുണ്ടെന്നുള്ളത് അഭിമാനകരമാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

സാക്ഷരതാ പ്രവർത്തനങ്ങളിൽ അർപ്പണബോധത്തോടെ പ്രവർത്തിച്ച പ്രേരകമാരെയും സവിശേഷ നേട്ടം കൈവരിച്ച പഠിതാക്കളെയും മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും ചടങ്ങിൽ മന്ത്രി ആദരിച്ചു.

മേയർ വി വി രാജേഷ് അധ്യക്ഷനായ ചടങ്ങിൽ സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. അഹമ്മദുൾ കബീർ എ പി സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. അച്യുത് ശങ്കർ, തിരുവനന്തപുരം നഗരസഭാ വിദ്യാഭ്യാസ, കായിക കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ചെമ്പഴന്തി ഉദയൻ, വാർഡ് കൗൺസിലർ ഷേർളി എസ്, തദ്ദേശ സ്ഥാപന പ്രതിനിധികൾ, വിവിധ ജില്ലകളിൽ നിന്നുള്ള സാക്ഷരതാ പ്രേരക്മാർ, പഠിതാക്കൾ തുടങ്ങിയവർ സന്നിഹിതരായി.






അലയൻസ് സർവീസസ് ഇന്ത്യ സംഘടിപ്പിക്കുന്ന സ്കൂൾതല ഫുട്ബോൾ ടൂർണമെന്റ് വേണ്ട കപ്പ് ഉദ്ഘാടനം നിർവഹിക്കുന്ന ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. അലയൻസ് സർവീസസ് ഇ.എസ്.ജി ആന്റ് സസ്റ്റൈനബിലിറ്റി ഗ്ലോബൽ ഹെഡ് ഹെർമാൻ ബറോണിയസ്, അലയൻസ് സർവീസസ് ചീഫ് സർവീസസ് ഓഫീസറും ബോർഡ് അംഗവുമായ പ്രവീൺ ശശിധരൻ, കായികയുവജനക്ഷേമ വകുപ്പ് മന്ത്രി ഒ.ജെ. ജനീഷ്, ഫോർത്ത് വേവ് ഫൗണ്ടേഷൻ അഡ്വൈസറി ബോർഡ് അംഗം സ്വരൂപ് ബി.ആർ, അലയൻസ് സർവീസസ് ഇന്ത്യ സിഇഒയും എംഡിയുമായ ജീസൺ ജോൺ എന്നിവർ സമീപം. (ഇടത്തുനിന്ന് വലത്തോട്ട്)




അലയൻസ് സർവീസസ് ഇന്ത്യ സംഘടിപ്പിക്കുന്ന സ്കൂൾതല ഫുട്ബോൾ ടൂർണമെന്റ് വേണ്ട കപ്പി'ന്റെ ജേഴ്സികൾ ഔദ്യോഗികമായി പുറത്തിറക്കിയപ്പോൾ. അലയൻസ് സർവീസസ് ഇ.എസ്.ജി ആന്റ് സസ്റ്റൈനബിലിറ്റി ഗ്ലോബൽ ഹെഡ് ഹെർമാൻ ബറോണിയസ്, അലയൻസ് സർവീസസ് ചീഫ് സർവീസസ് ഓഫീസറും ബോർഡ് അംഗവുമായ പ്രവീൺ ശശിധരൻ, ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല, കായികയുവജനക്ഷേമ വകുപ്പ് മന്ത്രി ഒ.ജെ. ജനീഷ്, അലയൻസ് സർവീസസ് ഇന്ത്യ സിഇഒയും എംഡിയുമായ ജീസൺ ജോൺ, ഫോർത്ത് വേവ് ഫൗണ്ടേഷൻ അഡ്വൈസറി ബോർഡ് അംഗം സ്വരൂപ് ബി.ആർ എന്നിവർ ജേഴ്സികളുമായി. (ഇടത്തുനിന്ന് വലത്തോട്ട്)

## മയക്കുമരുന്ന് ഉപയോഗത്തിനെതിരെ കേരളത്തിലെ ഏറ്റവും വലിയ

# സ്കൂൾതല ഫുട്ബോൾ ടൂർണമെന്റ് 'വേണ്ട കപ്പു'മായി അലയൻസ് സർവീസസ് ഇന്ത്യ

**തിരുവനന്തപുരം:** മയക്കുമരുന്ന് ഉപയോഗത്തിനെതിരെ കേരളത്തിലെ ഏറ്റവും വലിയ സ്കൂൾതല ഫുട്ബോൾ ടൂർണമെന്റ് 'വേണ്ട കപ്പ്' സംഘടിപ്പിക്കാൻ അലയൻസ് സർവീസസ് ഇന്ത്യ. ഫോർത്ത് വേവ് ഫൗണ്ടേഷന്റെ പങ്കാളിത്തത്തോടെ അലയൻസ് നടത്തുന്ന സിഎസ്ആർ സംരംഭമായ വേണ്ട കപ്പ്, കായിക മേഖലയുടെ പ്രാതിനിധ്യത്തോടെ കുട്ടികളെയും ചെറുപ്പക്കാരെയും മയക്കുമരുന്ന് ഉപയോഗത്തിൽ നിന്ന് സംരക്ഷിക്കാൻ ലക്ഷ്യമിടുന്ന സംസ്ഥാനതല സ്കൂൾ ഫുട്ബോൾ ടൂർണമെന്റാണ്. തിരുവനന്തപുരം ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബിൽ വെച്ചാണ് 'വേണ്ട കപ്പ് 2026 – ഗെയിം ഫോർ സേഫ് (സബ്സ്റ്റൻസ് അബ്യൂസ് ഫ്രീ എൻവയോൺമെന്റ്)' 9ാം പതിപ്പിന് ആരംഭം കുറിച്ചത്.

ഓപ്പറേഷൻ തൂഫാൻ പോലുള്ള മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള പ്രവർത്തങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടാണ് പ്രതിരോധ മാർഗ്ഗമെന്ന രീതിയിൽ 'വേണ്ട കപ്പ്' സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ഫെയർ പ്ലേ പ്രതിജ്ഞ, ലഹരിവിരുദ്ധ പ്രതിജ്ഞ, ഔദ്യോഗിക ജേഴ്സികളുടെയും ചാമ്പ്യൻഷിപ്പ് ട്രോഫികളുടെയും പ്രകാശനം എന്നിവയും നടന്നു.

പ്രശംസനീയമായ ഒട്ടനവധി സിഎസ്ആർ പ്രവർത്തങ്ങൾ ചെയ്യുന്ന അലയൻസ് ഗ്രൂപ്പിന്റെ വേണ്ട കപ്പും വളരെ മാതൃകാപരമാണ്. അതിലൂടെ ഓപ്പറേഷൻ തൂഫാന് നൽകുന്ന പിന്തുണ വളരെ വലുതാണ്. അതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ട് കൊണ്ടുപോകുക. ഓപ്പറേഷൻ തൂഫാന്റെയും വേണ്ട കപ്പിന്റെയും ലക്ഷ്യം ഒന്ന് തന്നെയാണ്, മാർഗം മാത്രമേ വത്യാസമുള്ളൂ' ടൂർണമെന്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. കേരളത്തെ ലഹരിമുക്ത സംസ്ഥാനമാക്കാൻ നാം എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്നും എല്ലാവരുടെയും പിന്തുണയോടും കൂട്ടായ പരിശ്രമത്തോടും കൂടി വരുംദിവസങ്ങളിൽ നമുക്ക് കേരളത്തെ ലഹരിമുക്തമാക്കാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിയമനടപടികളിലൂടെ മാത്രമല്ല, ബോധവത്കരണ പരിപാടികൾ കൂടെ നടക്കുമ്പോഴാണ് ലഹരി വർജ്ജനം നമ്മുടെ സമൂഹത്തിൽ പൂർണമായി നടത്തുവാൻ സാധിക്കുകയൊള്ളു. അതിൽ കായികവിനോദങ്ങൾക്ക് വളരെ മുഖ്യ പങ്കുണ്ട്. ലഹരിയോട് നോ പറയുന്നതോടൊപ്പം തന്നെ, അവരോട് സ്പോർട്സിലേക്ക് യെസ് പറയാനും കൂടി പ്രേരിപ്പിക്കുന്ന സാധ്യതകൾ ഉണ്ടാകണം. അതിനായി 'വേണ്ട കപ്പ്' പോലുള്ള ടൂർണമെന്റുകളിൽ അവരെ പങ്കെടുപ്പിക്കുകയും, അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് നാളെകളിൽ വലിയ കായികതാരങ്ങളായി കടന്നുവരാൻ സാധിക്കുന്ന രീതിയിലുള്ള പ്രോത്സാഹനങ്ങൾ നൽകുകയും വേണം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.' കായികയുവജനക്ഷേമ വകുപ്പ് മന്ത്രി ഒ.ജെ. ജനീഷ് പറഞ്ഞു.

കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 160 സ്കൂൾ ടീമുകളിലെ 800 ആൺകുട്ടികളും 800 പെൺകുട്ടികളും ഉൾപ്പെടെ 1,600 കളിക്കാരാണ് വേണ്ട കപ്പ് 2026ൽ പങ്കെടുക്കുന്നത്. കണ്ണൂർ, തൃശൂർ, തിരുവനന്തപുരം, എറണാകുളം എന്നിങ്ങനെ നാല് സോണുകളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുക. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടക്കുന്ന സോണൽ മത്സരങ്ങൾക്ക് ശേഷം ഒക്ടോബർ 23, 24 തീയതികളിൽ എറണാകുളത്ത് സംസ്ഥാനതല ചാമ്പ്യൻഷിപ്പ് പോരാട്ടങ്ങൾ നടക്കും. ഓരോ മത്സരത്തിന് ശേഷവും ഫെയർ പ്ലേ പ്ലെയർ' പുരസ്കാരവും, ടൂർണമെന്റിലുടനീളം മികച്ച കായിക മനോഭാവവും മാന്യതയും പുലർത്തുന്ന ടീമുകൾക്ക് ഫെയർ പ്ലേ ടീം പുരസ്കാരവും നൽകും. ഫോർത്ത് വേവ് ഫൗണ്ടേഷന്റെ പ്രൊജക്ട് വേണ്ടയുടെ ഭാഗമായുള്ള വേണ്ട കപ്പ്, ലഹരിവിരുദ്ധ പ്രതിരോധ ഇടപെടലുകളിലെ മികച്ച മാതൃകയായി ഐക്യരാഷ്ട്രസഭയുടെ ഡ്രഗ്സ് ആൻഡ് ക്രൈം ഓഫീസ് അംഗീകരിച്ചിട്ടുണ്ട്.

'കുട്ടികളുടെ സംരക്ഷണം, ലഹരിവിരുദ്ധ ബോധവൽക്കരണം, എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം എന്നിവയിലുടനീളം മറ്റുള്ളവർക്ക് മാതൃകയാക്കാൻ സാധിക്കുന്നതുമായ പ്രോഗ്രാമുകളായി പ്രസ്ഥാനം ഇന്ന് വളർന്നിരിക്കുന്നു. എല്ലാവരാലും വിശ്വാസം നേടിയെടുക്കാൻ സാധിച്ചിട്ടുള്ള ഈ സംരംഭത്തെ അലയൻസ് സർവീസസിനെപ്പോലുള്ള പങ്കാളികൾ കൂടുതൽ ശക്തിപ്പെടുത്തുന്നു.' ഫോർത്ത് വേവ് ഫൗണ്ടേഷൻ സ്ഥാപകയും ഡയറക്ടറുമായ ഡയാന വിൻസെന്റ് പറഞ്ഞു.

'ഭാവിയിലെ ആത്മവിശ്വാസത്തെക്കുറിച്ചുള്ള വാഗ്ദാനം പ്രവൃത്തിയിലൂടെയാണ് ഞങ്ങൾ നിറവേറ്റുന്നത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി ഇവിടെയുള്ള ഞങ്ങൾ കേരളത്തിനായി തിരികെ സമർപ്പിക്കുന്ന ഒന്നാണ് വേണ്ട കപ്പ്. വേണ്ട കപ്പ്, പ്ലാസ്റ്റിക് മാലിന്യമുക്ത നദികൾ, ക്യാപ്റ്റൻ ലക്ഷ്മി ഇൻക്ലൂസീവ് പാർക്ക് എന്നിവയെല്ലാം സ്പോൺസർഷിപ്പിനപ്പുറം ഞങ്ങളുടെ സഹപ്രവർത്തകർ നേരിട്ടെത്തി പങ്കാളികളാകുന്നു. വാക്കുകളിലൂടെയല്ല, പ്രവൃത്തിയിലൂടെയാണ് നാളയിലേക്കുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നത്.' അലയൻസ് സർവീസസ് ഇന്ത്യ സിഇഒയും എംഡിയും അലയൻസ് സർവീസസ് (ഏഷ്യ ആന്റ് ആഫ്രിക്ക) ചീഫ് ഡെലിവറി ഓഫീസറുമായ ജീസൺ ജോൺ പറഞ്ഞു:

'കായികരംഗത്തിന് കഴിവുകളെ സാധ്യതകളാക്കി മാറ്റാനുള്ള പ്രത്യേക ശേഷിയുണ്ട്. വേണ്ട കപ്പ് അത് യാഥാർത്ഥ്യമാക്കുന്നു. കുട്ടികൾക്ക് കായികക്ഷമതയിലൂടെ പ്രതിരോധശേഷിയും ആത്മവിശ്വാസവും കൂട്ടായ്മയുടെ ഭാഗമാണെന്ന തോന്നലുമുണ്ടാക്കാൻ ഇത് അവസരമൊരുക്കുന്നു.

അലയൻസ് സർവീസസ് ബോർഡ് അംഗവും ചീഫ് സർവീസസ് ഓഫീസറുമായ പ്രവീൺ ശശിധരൻ പറഞ്ഞു.

ഈ വർഷം നവംബർ മുതൽ അലയൻസ് സർവീസസ് ഇന്ത്യയിലെ എംപ്ലോയി റിസോഴ്സ് ഗ്രൂപ്പുകളായ തരംഗ് (കല, സംസ്കാരം, ആഘോഷങ്ങൾ, കായികം എന്നിവയ്ക്കുള്ള പ്ലാറ്റ്ഫോം), സ്പർശ് (സാമൂഹിക സേവനങ്ങൾക്കായുള്ള സന്നദ്ധസേവനം) എന്നിവ ഫോർത്ത് വേവ് ഫൗണ്ടേഷനുമായി സഹകരിച്ച് മൈമുകൾ, റാപ്പ് ഗാനങ്ങൾ, കോമിക് ബുക്കുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ നിർമ്മിച്ച് സ്കൂളുകളിലും പൊതുഇടങ്ങളിലും സുരക്ഷിതവും ആരോഗ്യകരവുമായ ശീലങ്ങൾ പ്രചരിപ്പിക്കും. കൂടാതെ, അലയൻസ് സർവീസസിന്റെ ഫുട്ബോൾ ടീമുകൾ വേണ്ട കപ്പ് ടീമുകളുമായി സൗഹൃദ മത്സരങ്ങളിലും ഏർപ്പെടും.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ പ്രവർത്തനത്തിനിടയിൽ, വേണ്ട കപ്പിന് പുറമെ ധാരാളം സിഎസ്ആർ പ്രവർത്തനങ്ങൾ അലയൻസ് സർവീസസ് ഇന്ത്യ നടത്തിയിട്ടുണ്ട്. തണൽ ട്രസ്റ്റ്, സുസ്തേര ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 15 ഫ്ലോട്ടിംഗ് ട്രാഷ്ബൂം ബാരിയറുകൾ വഴി 2022 മുതൽ തിരുവനന്തപുരത്തെ ജലാശയങ്ങളിൽ നിന്ന് 1,000 ടണ്ണിലധികം പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത 'പ്ലാസ്റ്റിക് മാലിന്യമുക്ത നദികൾ' പദ്ധതി; കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ, സ്മാർട്ട് സിറ്റി മിഷൻ, സിഐഎംആർ എന്നിവരുമായി ചേർന്ന് 2025 ഒക്ടോബറിൽ ഉദ്ഘാടനം ചെയ്ത കേരളത്തിലെ ആദ്യത്തെ പൂർണ്ണ ഭിന്നശേഷി സൗഹൃദ പൊതുയിടമായ 'ക്യാപ്റ്റൻ ലക്ഷ്മി ഇൻക്ലൂസീവ് പാർക്ക്'; 150ലധികം ഭിന്നശേഷിക്കാരായ ചെറുപ്പക്കാർക്ക് ബേക്കിംഗ്, ഫുഡ് പ്രൊസസിംഗ് എന്നിവയിൽ പരിശീലനം നൽകി സ്വയം പര്യാപ്തരാക്കുന്ന 'ഗ്രാമജ്യോതി സ്പെഷ്യൽ സ്കൂൾ' എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ചടങ്ങിൽ ഫോർത്ത് വേവ് ഫൗണ്ടേഷൻ സ്ഥാപകയും ഡയറക്ടറുമായ ഡയാന വിൻസെന്റ്, അലയൻസ് സർവീസസ് ഇന്ത്യ സിഇഒയും എംഡിയുമായ ജീസൺ ജോൺ, അലയൻസ് സർവീസസ് ചീഫ് സർവീസസ് ഓഫീസറും ബോർഡ് അംഗവുമായ പ്രവീൺ ശശിധരൻ, ഇൻഫോസിസ് മുൻ എംഡിയും സിഇഒയും സഹസ്ഥാപകനും പ്രൊജക്ട് വേണ്ടയുടെ രക്ഷാധികാരിയുമായ എസ്.ഡി. ഷിബുലാൽ, അലയൻസ് സർവീസസ് ഇ.എസ്.ജി ആന്റ് സസ്റ്റൈനബിലിറ്റി ഗ്ലോബൽ ഹെഡ് ഹെർമാൻ ബറോണിയസ്, ഫോർത്ത് വേവ് ഫൗണ്ടേഷൻ അഡ്വൈസറി ബോർഡ് അംഗം സ്വരൂപ് ബി.ആർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# കുസാറ്റിൽ ഹൈസ്കൂൾ അധ്യാപകർക്കായി ശിൽപശാല

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയിൽ ഹൈസ്കൂൾ അധ്യാപകർക്കായി സെപ്റ്റംബർ 17 ന് ഏകദിന ശിൽപശാല സംഘടിപ്പിക്കുന്നു. 'ബി ആൻ എക്സലന്റ് ടീച്ചർ' എന്ന പേരിൽ പാഠഭാഗങ്ങൾ കുട്ടികളെ അനുഭവേദ്യമായി പഠിപ്പിക്കാം, പുതിയ കാലത്തെ അധ്യയനം എങ്ങനെയാവണം എന്ന വിഷയങ്ങളിൽ ആണ് വർക്ക് ഷോപ്പ്. താൽപര്യമുള്ള ഹൈസ്കൂൾ സയൻസ്, ഗണിത അധ്യാപകർക്ക് രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പർ 9188219863

# കുസാറ്റ് ഗവേഷകന് ഗിന്നസ് വേൾഡ് റെക്കോർഡ്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഗണിതശാസ്ത്ര വകുപ്പ് ഗവേഷകൻ സനീഷ് ബാബു 'മോസ്ററ് മൾട്ടി കോയിൻ റോൾസ് ഇൻ വൺ മിനിറ്റ് ' എന്ന വിഭാഗത്തിൽ ഗിന്നസ് വേൾഡ് റെക്കോർഡ് കരസ്ഥമാക്കി. പത്തു വർഷത്തിലേറെ പഴക്കമുള്ള കാനഡക്കാരനായ മൈക്കിൾ ഫ്രാൻസിസ് സ്ഥാപിച്ച 35 എണ്ണം എന്ന റെക്കോർഡാണ് 38 ആക്കി തിരുത്തിയത്. വയനാട് കാവുംമന്ദം സ്വദേശികളായ മടയംകുന്നേൽ ബാബുവിന്റെയും ഷൈനിയുടെയും മകനായ സനീഷ് ബാബു കുസാറ്റ് ഗണിതശാസ്ത്ര വകുപ്പിലെ ഡോ. അപർണ ലക്ഷ്മണന്റെ കീഴിൽ ഗ്രാഫ് തിയറിയിൽ ഗവേഷണം നടത്തി വരികയാണ്.

## സൗജന്യ പി.എസ്.സി പരിശീലനം

**കോട്ടയം:** മഹാഗാന്ധി സർവകലാശാലാ എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും കോട്ടയം ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും ചേർന്ന് സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലനം നൽകുന്നു. യോഗ്യത പ്ലസ്ടു, ഡിഗ്രി. താല്പര്യമുള്ളവർ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. ഫോൺ: 04812731025, 04812560413.

### പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ബി.ആർക് (20152018 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ നവംബർ 2 മുതൽ നടക്കും.

### വൈവ വോസി

എംകോം ഓഫ് ക്യാമ്പസ് പ്രോഗ്രാം (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) സെപ്റ്റംബർ 2025 പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11ന് രാവിലെ 10ന് ന്യൂമാൻ കോളേജ് തൊടുപുഴയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

# ഡിജിറ്റൽ എഴുത്ത് ശില്പശാല സെപ്റ്റംബർ 12, 13 തീയതികളിൽ കൊച്ചിയിൽ

**കൊച്ചി:** അന്തരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ 'ഡിജിറ്റൽ സ്റ്റോറി ടെല്ലിംഗ് കണ്ടന്റ് ആൻഡ് ക്രിയേഷൻ' എന്ന വിഷയത്തിൽ, രണ്ടു ദിവസത്തെ ശില്പശാല സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ 12, 13 തീയതികളിൽ കച്ചേരിപ്പടി ആശിർഭവനിൽ വെച്ചാണ് ശില്പശാല നടക്കുക. ഡിജിറ്റൽ കാലഘട്ടത്തിൽ കഥപറച്ചിലിന്റെ പുതിയ സാധ്യതകൾ, കണ്ടന്റ് ക്രിയേഷൻ ടൂളുകൾ, മൊബൈൽ ഫിലിം മേക്കിംഗ്, എ ഐ യുടെ ശരിയായ ഉപയോഗം, സോഷ്യൽ മീഡിയ സ്റ്റോറി ടെല്ലിംഗ്, റീൽസ്, പോഡ്കാസ്റ്റ് നിർമ്മാണം, പകർപ്പവകാശം, സൈബർ നിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

12ന് രാവിലെ 10ന് സ്പോർട്സ്, യുവജനകാര്യ സെക്രട്ടറി എൻ.പ്രശാന്ത് ഐ എഎസ് ശിൽപ്പശാല ഉത്ഘാടനം ചെയ്യും. ബാംഗ്ലൂർ ഹ്യൂമൻ സ്പേസ് ഫ്ലൈറ്റ് സെന്റർ ഡയറക്ടർ ഡോ. എസ്. ആർ. ബിജു മുഖ്യാതിഥിയായിരിക്കും

പ്രശസ്ത മാധ്യമ പ്രവർത്തകർ, ഡിജിറ്റൽ കണ്ടന്റ് ക്രിയേറ്റർമാർ, സാങ്കേതിക വിദഗ്ധർ എന്നിവർ ക്ലാസ്സുകൾ നയിക്കും. വിദ്യാർത്ഥികൾ, യുവ എഴുത്തുകാർ, യുവ മാധ്യമ പ്രവർത്തകർ എന്നിവർക്ക് ശില്പശാലയിൽ പങ്കെടുക്കാം.

സെപ്റ്റംബർ 13 ന് വൈകീട്ട് 4 മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രശസ്ത സാഹിത്യകാരൻ സി. രാധാകൃഷ്ണൻ മുഖ്യാതിഥിയായിരിക്കും




**രവീന്ദ്രൻ മാസ്റ്റർ മ്യൂസിക്കൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന രവീന്ദ്ര സംഗീതസന്ധ്യയുടെ കാര്യപരിപാടി കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പിന്നണി ഗായകൻ ബിജു നായണൻ വിശദീകരിക്കുന്നു. രവീന്ദ്രൻ മാസ്റ്ററുടെ മകൻ സാജൻ മാധവ്, പത്നി ശോഭന, അസീസിയ ഗ്രൂപ്പ് പി.ആർ.ഒ ജലീൽ താനത്ത് എന്നിവർ സമീപം.**

# രവീന്ദ്ര സംഗീതോത്സവം നവംബർ 9ന് കൊച്ചിയിൽ

- **രവീന്ദ്ര സംഗീതസന്ധ്യ നവംബർ 14ന് തൃശൂരിൽ**
- **രവീന്ദ്ര പുരസ്കാരം ഗായിക സുജാത മോഹന്**

കൊച്ചി: മലയാള ചലച്ചിത്ര സംഗീതശാഖയിലെ അനശ്വര പ്രതിഭ രവീന്ദ്രൻ മാസ്റ്ററുടെ സ്മരണാർത്ഥം രവീന്ദ്രൻ മാസ്റ്റർ മ്യൂസിക്കൽ ട്രസ്റ്റ് ഏർപ്പെടുത്തിയ 2026ലെ 'രവീന്ദ്ര പുരസ്കാര'ത്തിന് പ്രശസ്ത പിന്നണി ഗായിക സുജാത മോഹൻ അർഹയായി. ഭാവസാന്ദ്രമായ ആലാപന ശൈലികൊണ്ട് ഇന്ത്യൻ സംഗീതഭൂപടത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച സുജാതയുടെ സമഗ്ര സംഭാവനകളെ മുൻനിർത്തിയാണ് പുരസ്കാരമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

രവീന്ദ്രൻ മാസ്റ്ററുടെ സംഗീതജീവിതത്തെ അനുസ്മരിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി നൽകിവരുന്നതാണ് ഈ പുരസ്കാരം. ശ്രീകുമാരൻ തമ്പി, കൈതപ്രം ദാമോദരൻ നമ്പൂതിരി, വിദ്യാധരൻ മാസ്റ്റർ, ഔസേപ്പച്ചൻ, ജോൺസൺ മാസ്റ്റർ, കെ.എസ്. ചിത്ര തുടങ്ങി സംഗീതലോകത്തെ കുലപതികളായിരുന്നു മുൻവർഷങ്ങളിൽ രവീന്ദ്ര പുരസ്കാരത്തിന് അർഹരായത്.

മാസ്റ്ററുടെ ജന്മദിനത്തോടനുബന്ധിച്ച് ട്രസ്റ്റ് സംഘടിപ്പിക്കുന്ന 21ാമത് 'രവീന്ദ്ര സംഗീതോത്സവം' നവംബർ ഒൻപതിന് തിങ്കളാഴ്ച എറണാകുളം പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ അരങ്ങേറും. രാവിലെ ഒൻപതിന് ആരംഭിച്ച് രാത്രി പത്ത് വരെ നീളുന്ന 13 മണിക്കൂർ അഖണ്ഡ സംഗീതാർച്ചനയിൽ മലയാളത്തിലെ പ്രമുഖ പിന്നണി ഗായകരും യുവതലമുറയിലെ പ്രതിഭകളും ചേർന്ന് രവീന്ദ്രസംഗീതത്തിന്റെ മാസ്മരിക ഈണങ്ങൾ വേദിയിൽ ആലപിക്കും.

രവീന്ദ്ര സംഗീതസന്ധ്യ നവംബർ 14 ശനിയാഴ്ച വൈകിട്ട് ആറു മണിക്ക് തൃശ്ശൂർ പഴുവിൽ അസീസിയ കൺവെൻഷൻ സെന്ററിൽ നടക്കും. ഈ മെഗാ സാംസ്കാരിക നിശയിൽ സുജാത മോഹന് രവീന്ദ്ര പുരസ്കാരം സമർപ്പിക്കും. ചടങ്ങിൽ മധു ബാലകൃഷ്ണൻ, അഫ്സൽ, കല്ലറ ഗോപൻ, നജീം അർഷാദ്, സുദീപ് കുമാർ, ജ്യോത്സ്ന, മൃദുല വാര്യർ എന്നിവർ നയിക്കുന്ന ഗാനമേളയും, പ്രശസ്ത നർത്തകിയും ചലച്ചിത്രതാരവുമായ ആശാ ശരത്, കലാമണ്ഡലം സോഫിയ സുദീപ് എന്നിവരുടെ നൃത്തസമർപ്പണവും നടക്കുമെന്ന് കൊച്ചി പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ രവീന്ദ്രൻ മാസ്റ്ററുടെ പത്നി ശോഭന രവീന്ദ്രൻ, മകനും സംഗീതസംവിധായകനുമായ സാജൻ മാധവ്, പ്രശസ്തപിന്നണി ഗായകൻ ബിജു നാരായണൻ, അസീസിയ ഗ്രൂപ്പ് പി.ആർ.ഒ ജലീൽ താനത്ത് എന്നിവർ അറിയിച്ചു

# മത്സ്യമേഖലയിലെ 270 സംരംഭക സ്വപ്നങ്ങൾക്ക് വഴിയൊരുക്കി ക്ഷിതിജ് 2.0 ആരംഭിച്ചു

**കൊച്ചി:** മത്സ്യബന്ധന മേഖലയിലെ പുതിയ സംരംഭങ്ങളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി കൊച്ചിയിലെ ഐ.സി.എ.ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പ്രധാന കേന്ദ്രമായി പ്രവർത്തിക്കുന്ന 'ക്ഷിതിജ് 2.0– ദി ബ്ലൂ ഹൊറൈസൺ കോഹോർട്ട് 'എന്ന ദേശീയതല സംരംഭകത്വ പരിപാടിക്ക് തുടക്കമിട്ടു. ഇന്ന് നടന്ന ഓൺലൈൻ ഉദ്ഘാടന ചടങ്ങിലാണ് പരിപാടി ആരംഭിച്ചത്. മത്സ്യബന്ധന മേഖലയിലെ നൂതന ആശയങ്ങളെ പരിപോഷിപ്പിക്കുക, സാങ്കേതികവിദ്യാധിഷ്ഠിത സംരംഭങ്ങളെ പിന്തുണയ്ക്കുക, സുസ്ഥിര സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

രാജ്യത്തുടനീളം 35 പരിശീലന ക്യാമ്പുകൾ; 270 അപേക്ഷകർ പരിപാടിയിൽ ക്ഷിതിജ് 2.0 ന് രാജ്യവ്യാപകമായി മികച്ച പ്രതികരണമാണ് ലഭിച്ചത്. സിഫ്റ്റും പരിപാടിയിൽ പങ്കാളികളായ ഐ.സി.എ.ആർ ഫിഷറീസ് സ്ഥാപനങ്ങളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 35 പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇവയിലൂടെ മത്സ്യബന്ധനമത്സ്യകൃഷി മേഖലയിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള 270 അപേക്ഷകരെ പരിപാടിയിലേക്ക് തിരഞ്ഞെടുത്തു. സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ രണ്ട് മാസത്തെ ഓൺലൈൻ സംരംഭവികസന പരിപാടി നടക്കും. തുടർന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കായി ആവശ്യാനുസൃതമായി നാല് മാസത്തെ നേരിട്ടുള്ള പരിശീലനം, മേഖലതല പരിശോധന, വിദഗ്ധ മാർഗനിർദേശം എന്നിവ നൽകും.

മത്സ്യകൃഷി, മത്സ്യബന്ധനം, വിളവെടുപ്പിനുശേഷമുള്ള സാങ്കേതികവിദ്യകൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ, മത്സ്യബന്ധനമത്സ്യകൃഷി അവശിഷ്ടങ്ങളുടെ പുനരുപയോഗം, മത്സ്യാരോഗ്യം, മത്സ്യത്തീറ്റ, പാക്കേജിങ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകും. ക്ഷിതിജ് 2.0ന്റെ ഭാഗമായി 'സിഫ്റ്റെക് ഐഡിയതോൺ' സംഘടിപ്പിക്കും. ഇതിലൂടെ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ബിസിനസ് ആശയങ്ങൾ അവതരിപ്പിച്ച് മത്സ്യ ഫിഷറീസ് ഇൻക്യുബേഷൻ സെന്റർ മുഖേന ധനസഹായവും ഇൻക്യുബേഷൻ പിന്തുണയും നേടാം. മികച്ച എട്ട് ആശയങ്ങൾക്ക് നാല് ലക്ഷം രൂപ വീതം വികസന ധനസഹായം ലഭിക്കും. അടുത്ത 20 നിർദേശങ്ങൾക്ക് 50,000 രൂപ വീതം പ്രാരംഭ ധനസഹായവും നൽകും. കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന 40 നിർദേശങ്ങൾക്ക് സൗജന്യ സംരംഭകത്വ രജിസ്ട്രേഷനും ലഭിക്കും.

പരിപാടിയുടെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയത്തിൽ ഫിഷറീസ് ഡെവലപ്മെന്റ് കമ്മീഷണർ ആയി പ്രവർത്തിക്കുന്ന ഡോ. കെ. മുഹമ്മദ് കോയ മുഖ്യാതിഥിയായി പങ്കെടുത്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു.

ഐ.സി.എ.ആർന്റെ സാങ്കേതിക വിദ്യാ പരിപാലന വിഭാഗവും സിഫ്റ്റും സംയുക്തമായാണ് ക്ഷിതിജ് 2.0 സംഘടിപ്പിക്കുന്നത്. ഐ.സി.എ.ആർന്റെ എൻ.എ. ഐ.എഫ് (നാഷണൽ അഗ്രികൾച്ചർ ഇന്നോവേഷൻ ഫണ്ട്) പദ്ധതിയുടെ ഭാഗമായ സോണൽ ടെക്നോളജി മാനേജ്മെന്റ്– അഗ്രിബിസിനസ് ഇൻകുബേഷൻ സെന്ററും പി.എം.എം.എസ്.വൈയ്ക്ക് (പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന) കീഴിലുള്ള സിഫ്റ്റിലെ മത്സ്യ ഫിഷറീസ് ഇൻകുബേഷൻ സെന്ററും പരിപാടിക്ക് പിന്തുണ നൽകുന്നു. ഐ.സി.എ.ആർ സ്ഥാപനങ്ങളായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ,കൊച്ചി; സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്രഷ്വാട്ടർ അക്വാകൾച്ചർ, ഭുവനേശ്വർ; സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എജ്യുക്കേഷൻ, മുംബൈ; സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ്വാട്ടർ അക്വാകൾച്ചർ, ചെന്നൈ; സെൻട്രൽ ഇൻലാൻഡ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാരക്പൂർ; സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോൾഡ്വാട്ടർ ഫിഷറീസ് റിസർച്ച്, ഭീംതാൽ; നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനറ്റിക് റിസോഴ്സസ്, ലഖ്നൗ എന്നിവർ പരിപാടിയിൽ പങ്കാളികളാണ്.

ഐ.സി.എ.ആർമറൈൻ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. ശുഭദീപ് ഘോഷ്, ഇന്റലക്ചൽ പ്രോപ്പർട്ടി ആൻഡ് ടെക്നോളജി മാനേജ്മെന്റ് അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. നീരു ഭൂഷൺ, സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് എ.ബി.ഐ സെന്റർ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. സി. ഒ. മോഹൻ, കോപ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. രമ്യ എസ്. എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

## പുതിയ ക്രെഡിറ്റ് കാർഡുകൾ അവതരിപ്പിച്ച് ബന്ധൻ ബാങ്ക്

**കൊച്ചി:** ഉപഭോക്താക്കളുടെ വ്യത്യസ്ത സാമ്പത്തിക ആവശ്യങ്ങൾ പരിഗണിച്ച് ബന്ധൻ ബാങ്ക് നാല് പുതിയ ക്രെഡിറ്റ് കാർഡുകൾ പുറത്തിറക്കി. സ്പാർക്സ്, ഇഗ്നൈറ്റ്, ഫ്ലെയർ, ലൂമിന എന്നീ വേരിയന്റുകളാണ് മാസ്റ്റർകാർഡുമായി സഹകരിച്ച് അവതരിപ്പിച്ചത്. ബാങ്കിന്റെ എംഡി ആൻഡ് സിഇഒ പാർത്ഥ പ്രതിം സെൻഗുപ്ത, മാസ്റ്റർകാർഡ് ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ പ്രസിഡന്റ് ഗൗതം അഗർവാൾ തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു പുറത്തിറക്കൽ. പലചരക്ക്, വസ്ത്രങ്ങൾ, യാത്ര തുടങ്ങിയ ചെലവുകൾക്ക് റിവാർഡുകൾ, വെൽക്കം ബോണസ്, എയർപോർട്ട് ലോഞ്ച് സൗകര്യം, ബുക്ക്മൈഷോ, ഇന്ധന സർചാർജ് ഇളവ്, ഇഎംഐ ക്യാഷ്ബാക്ക് തുടങ്ങിയ ആനുകൂല്യങ്ങളാണ് കാർഡുകളിൽ ലഭ്യമാക്കുന്നത്. യാത്രാ ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന ഫ്ലെയർ കാർഡിൽ ആമസോൺ പേ വൗച്ചർ, ഗോൾഫ് ആനുകൂല്യങ്ങൾ എന്നിവയും ലഭിക്കും.

## 700 കോടി രൂപ സമാഹരിക്കാൻ മുത്തൂറ്റ് ഫിൻകോർപ്പിന്റെ എൻസിഡി

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ മുൻനിര കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് 1000 രൂപ മുഖവിലയുള്ള സുരക്ഷിതവും റേറ്റിംഗ് ഉള്ളതുമായ നോൺകൺവെർട്ടബിൾ ഡിബഞ്ചറുകളുടെ പുതിയ സീരീസായ ട്രാൻഷ് വി പ്രഖ്യാപിച്ചു. ഈ എൻസിഡി ഇഷ്യൂ 2026 സെപ്റ്റംബർ 8ന് ആരംഭിച്ചു.

350 കോടി രൂപ അടിസ്ഥാന വലുപ്പവും 350 കോടി രൂപ വരെയുള്ള ഗ്രീൻ ഷൂ ഓപ്ഷനും ഉൾപ്പെടെ മൊത്തം 700 കോടി രൂപ വരെയാണ് ഇഷ്യുവിലൂടെ സമാഹരിക്കാൻ ലക്ഷ്യമിടുന്നത്. ഇതിന് അംഗീകാരം ലഭിച്ച ഷെൽഫ് ലിമിറ്റ് 3, 000 കോടി രൂപയാണ്.

8.89 ശതമാനം മുതൽ 9.25 ശതമാനം വരെ വാർഷിക വരുമാനം ഈ എൻസിഡി വാഗ്ദാനം ചെയ്യുന്നു. 24, 36, 60, 72 മാസങ്ങൾ എന്നിങ്ങനെ വിവിധ നിക്ഷേപ കാലയളവുകൾ നിക്ഷേപകർക്ക് തിരഞ്ഞെടുക്കാം. സെപ്റ്റംബർ 22 വരെ അപേക്ഷിക്കാം. ബോർഡിന്റെയോ കമ്മിറ്റിയുടെയോ തീരുമാന പ്രകാരം ഇഷ്യു നേരത്തെ അവസാനിപ്പിക്കാനും സാധ്യതയുണ്ട്. ഈ ഇഷ്യുവിലൂടെ ലഭിക്കുന്ന തുക വായ്പകൾ നൽകുന്നതിനും, നിലവിലെ കടങ്ങളുടെ പലിശയും മുതലും തിരിച്ചടയ്ക്കുന്നതിനും, മറ്റ് പൊതുവായ കോർപ്പറേറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

ഈ എൻസിഡികൾക്ക് ക്രിസിൽ റേറ്റിംഗ്സ് ലിമിറ്റഡ് 'ക്രിസിൽ എഎ/സ്റ്റേബിൾ' റേറ്റിംഗും, ബ്രിക്ക്‌വർക്ക് റേറ്റിംഗ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 'ബിഡബ്ല്യുആർ എഎ+/സ്റ്റേബിൾ' റേറ്റിംഗും നൽകിയിട്ടുണ്ട്. ഇത് സാമ്പത്തിക ബാധ്യതകൾ കൃത്യസമയത്ത് നിറവേറ്റുന്നതിലെ ഉയർന്ന സുരക്ഷയെയാണ് സൂചിപ്പിക്കുന്നത്. ബിഎസ്ഇ ലിമിറ്റഡിന്റെ ഡെബ്റ്റ് മാർക്കറ്റ് വിഭാഗത്തിൽ ഈ നിക്ഷേപങ്ങൾ ലിസ്റ്റ് ചെയ്യും.

സിൻഡിക്കേറ്റ് അംഗങ്ങൾ, സ്റ്റോക്ക് ബ്രോക്കർമാർ, ആർടിഎ തുടങ്ങിയ ഇടനിലക്കാർ വഴി അപേക്ഷിക്കുന്ന വ്യക്തിഗത നിക്ഷേപകർക്ക് 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഫണ്ട് ബ്ലോക്ക് ചെയ്യുന്നതിനായി യുപിഐ ഐഡി ഉപയോഗിക്കാവുന്നതാണ്. ഇതുകൂടാതെ അംഗീകൃത ബാങ്കുകൾ വഴിയും സ്റ്റോക്ക് എക്സ്ചേഞ്ച് പ്ലാറ്റ്ഫോമുകൾ വഴിയും നിക്ഷേപകർക്ക് അപേക്ഷിക്കാം.

## നബാർഡ് ആർഐഡിഎഫ് വായ്പ: കേരളത്തിന് 3,474 കോടി

**കൊച്ചി:** നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെൻറ് (നബാർഡ്) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് ഫണ്ടിൽ (ആർഐഡിഎഫ്) നിന്ന് കേരളത്തിനു കഴിഞ്ഞ അഞ്ചു വർഷം വായ്പയായി ലഭിച്ചത് 3,474.86 കോടി. കൃഷി, അനുബന്ധ മേഖലകളിലെ വികസന പദ്ധതികൾക്കാണ് കൂടുതൽ തുക ചെലവഴിച്ചതെന്ന് മുംബൈയിലെ നബാർഡിൻറെ കാര്യാലയത്തിൽനിന്നുള്ള രേഖകൾ വ്യക്തമാക്കുന്നു.

ഗ്രാമീണമേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനാണ് നബാർഡ് സംസ്ഥാനങ്ങൾക്കു പിന്തുണ നൽകുന്നത്. വനം, വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്ക് 505 കോടി രൂപ നബാർഡ് വായ്പ അനുവദിച്ചു. 2024-25 സാമ്പത്തികവർഷത്തിലാണ് കൂടുതൽ തുക സംസ്ഥാനത്തിന് അനുവദിച്ചത്.

വിവിധ ഫിഷിംഗ് ഹാർബറുകളുടെ വികസനം, പിഎംകുസും പദ്ധതിപ്രകാരമുള്ള സൗരോർജ കാർഷിക പമ്പ്സെറ്റ്, വിവിധ പാലങ്ങളുടെയും റോഡുകളുടെയും പുനർനിർമാണം, ആശുപത്രി കെട്ടിടങ്ങളുടെ നവീകരണം, കുണ്ടറ കുടിവെള്ള പദ്ധതി, കണ്ണൂർ വിമാനത്താവളത്തിലെ പെരിഷബിൾ കാർഗോ സെൻറർ തുടങ്ങിയ വികസന പദ്ധതികൾക്ക് നബാർഡ് വായ്പ ഉപയോഗിച്ചിട്ടുണ്ട്.വായ്പാതുക ലഭിച്ച് ഏഴു വർഷത്തിനുള്ളിൽ തിരിച്ചടവ് പൂർത്തിയാക്കണമെന്നാണു നബാർഡ് വ്യവസ്ഥ.




# ലൗഡ് & ക്ലിയർ ഇന്ത്യ 2026 സ്പോട്ടിഫൈയിൽ മലയാളം സംഗീതത്തിനുള്ള റോയൽറ്റി 30%ത്തിലധികം വർദ്ധിച്ചു

**കൊച്ചി:** സ്പോട്ടിഫൈ കലാകാരൻമാർക്ക് നൽകുന്ന റോയൽറ്റി തുക മലയാളത്തിൽ വർഷം തോറും 30% ത്തിലധികം വർധിക്കുന്നതായി റിപ്പോർട്ട്. സ്പോട്ടിഫൈയുടെ വാർഷിക റിപ്പോർട്ടായ ലൗഡ് & ക്ലിയറിൽ നിന്നുള്ള ഡാറ്റ 2025ൽ സ്പോട്ടിഫൈയുടെ ആഗോള സംഗീത റോയൽറ്റി തുക ഏതൊക്കെ ഭാഷകളിലായി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുന്നു. 2025ൽ സ്പോട്ടിഫൈയിൽ ഇന്ത്യൻ കലാകാരന്മാർക്ക് ലഭിക്കുന്ന റോയൽറ്റിയിൽ 29% വളർച്ചയുണ്ടായി. ദക്ഷിണേന്ത്യയിൽ തെലുങ്കിനാണ് വർഷം തോറുമുള്ള ഏറ്റവും ഉയർന്ന വർദ്ധന 120%ത്തിലധികം തമിഴിലെ വർദ്ധന 20%ത്തിലധികമാണ്.

ഇന്ത്യക്കാർക്ക് ലഭിച്ച റോയൽറ്റികളിൽ 40 ശതമാനത്തിലധികം വിദേശത്ത് നിന്നാണ്. വിദേശത്ത് ഏറ്റവും കൂടുതൽ കേട്ട 15 ട്രാക്കുകളിൽ 11 എണ്ണം സ്വതന്ത്ര കലാകാരന്മാർ ആദ്യം പുറത്തിറക്കിയതായിരുന്നു. പ്രതിവർഷം 1 കോടിയിലേറെ രൂപ വരുമാനം നേടുന്ന കലാകാരന്മാരുടെ എണ്ണത്തിൽ വർഷം തോറും 21% വളർച്ചയാണുള്ളത്.

2025ൽ, സ്പോട്ടിഫൈ ഇന്ത്യയുടെ ഡെയ്‌ലി ടോപ്പ് 50 ട്രാക്കുകളിൽ 90%വും ഇന്ത്യൻ കലാകാരന്മാരുടേതായിരുന്നു. സിനിമാ സൗണ്ട് ട്രാക്കുകൾക്ക് പുറത്ത് പുറത്തിറങ്ങിയ ഐപോപ്പ് അല്ലെങ്കിൽ ജനപ്രിയ ഇന്ത്യൻ സംഗീതം സ്പോട്ടിഫൈയുടെ 2025ലെ വർഷാവസാന ഇന്ത്യയിലെ മികച്ച പത്തിൽ പകുതിയും പങ്കിട്ടു. റഡാർ മലയാളത്തിന്റെ ഉദ്ഘാടന പതിപ്പിലൂടെ ശ്രദ്ധേയയായ ഗായികയും ഗാനരചയിതാവുമായ ഹനിയ നഫീസയുടെ സ്വതന്ത്ര സിംഗിൾ മുൾച്ചെടി സ്പോട്ടിഫൈയിൽ 11 ദശലക്ഷം സ്ട്രീമുകൾ കടന്നു. ഇത് മലയാള സംഗീതത്തോടുള്ള വർദ്ധിച്ചുവരുന്ന അഭിനിവേശം എടുത്തുകാണിക്കുന്നു.കേരളത്തിൽ ജനിച്ച ആഗോള റാപ്പറായ ഹനുമാൻകൈൻഡ്, 'ബിഗ് ഡോഗ്സ്' ലൂടെ 360 ദശലക്ഷം സ്പോട്ടിഫൈ സ്ട്രീമുകൾ മറികടന്ന് സ്പോട്ടിഫൈ ആഗോള ചാർട്ടിൽ ഒന്നാം സ്ഥാനത്തെത്തി.



# എഡ്-എമമ്മ പുതിയ ഓട്ടംവിന്റർ വസ്ത്രശേഖരം പുറത്തിറക്കി

**കൊച്ചി:** ആലിയ ഭട്ട് സ്ഥാപിച്ച പ്രകൃതി സൗഹൃദ വസ്ത്ര ബ്രാൻഡായ എഡ്എമമ്മ തങ്ങളുടെ പുതിയ 'ഓട്ടംവിന്റർ വസ്ത്രശേഖരം വിപണിയിലിറക്കി. 'ലോകം നമ്മുടേതാണ്' എന്ന ആശയത്തിലധിഷ്ഠിതമായി തയ്യാറാക്കിയിരിക്കുന്ന ഈ ശേഖരം 14 വയസുവരെയുള്ള കുട്ടികൾക്കായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രകൃതി, കളി, ഭാവന എന്നിവയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് തയ്യാറാക്കിയ വസ്ത്രങ്ങൾ കുട്ടികളുടെ ബാല്യകാലത്തിന്റെ വിവിധ ഘട്ടങ്ങളെയും അവരുടെ വളർച്ചയെയും പ്രതിഫലിപ്പിക്കുന്നവയാണ്.

കൊച്ചുകുട്ടികൾക്കായി മൃഗങ്ങളുടെ പ്രിന്റുകളും കാൽമുട്ടുകളിൽ മൃദുവായ പാച്ചുകൾ ചേർത്ത സുഖകരമായ വസ്ത്രങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. മുതിർന്ന കുട്ടികൾക്കായി കായികവിനോദങ്ങളിൽ നിന്നും സാഹസികതകളിൽ നിന്നും പ്രചോദനമുൾക്കൊണ്ടുള്ള വൈവിധ്യമാർന്ന വസ്ത്രങ്ങളും ലഭ്യമാണ്. പെൺകുട്ടികൾക്കായി ലളിതമായ രൂപകൽപ്പനയും ആൺകുട്ടികൾക്കായി പ്രത്യേകതരം ജീൻസ് വസ്ത്രങ്ങളും ചേർത്താണ് ഈ പുതിയ വസ്ത്രശേഖരം തയ്യാറാക്കിയിരിക്കുന്നത്.

കുട്ടികളുടെ കൗതുകവും ഭാവനയും മനസ്സിലാക്കി സുഖകരവും പ്രായോഗികവുമായ രീതിയിലാണ് വസ്ത്രങ്ങൾ നിർമ്മിച്ചിരിക്കുന്നതെന്ന് സ്ഥാപക ആലിയ ഭട്ട് വ്യക്തമാക്കി. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് കുട്ടികൾക്ക് പ്രിയപ്പെട്ടത് സൃഷ്ടിക്കുകയെന്നതാണ് ബ്രാൻഡിന്റെ ലക്ഷ്യമെന്നും അവർ കൂട്ടിച്ചേർത്തു. എഡ്എമമ്മയുടെ ഔദ്യോഗിക വെബ്സൈറ്റിലും കൊച്ചി ഉൾപ്പെടെയുള്ള രാജ്യത്തെ വിവിധ നഗരങ്ങളിലെ വിപണനകേന്ദ്രങ്ങളിലും ഈ വസ്ത്രങ്ങൾ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY




**കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന 'ന്യൂട്രിസാഗ 2026'ന്റെ ഭാഗമായി, ഇന്ത്യയിലെ ആദ്യത്തെ സമഗ്ര മില്ലറ്റ് അധിഷ്ഠിത ഹോസ്പിറ്റൽ ഡയറ്റ് പ്രോഗ്രാം ഉദ്ഘാടനം നിർവഹിച്ചപ്പോൾ.**

# ന്യൂട്രിസാഗ 2026 : ദേശീയ പോഷകാഹാര മാസം ആഘോഷിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ദേശീയ പോഷകാഹാര മാസാചരണത്തിന്റെ ഭാഗമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആൻഡ് ഡയറ്റെറ്റിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ന്യൂട്രിസാഗ 2026' സംഘടിപ്പിച്ചു. പോഷകാഹാര ബോധവൽക്കരണവും ആരോഗ്യകരമായ ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുന്നതിനായിയാണ് ഒരാഴ്ച നീണ്ടുനിന്ന പരിപാടി സംഘടിപ്പിച്ചത്.

ഇന്ത്യയിലെ ആദ്യത്തെ സമഗ്ര മില്ലറ്റ് അധിഷ്ഠിത ഹോസ്പിറ്റൽ ഡയറ്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം ആസ്റ്റർ മെഡ്സിറ്റി ചീഫ് മെഡിക്കൽ സൂപ്രണ്ട് ഡോ. ടി. ആർ. ജോൺ, ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആൻഡ് ഡയറ്റെറ്റിക്സ് ടീം ലീഡ് ടീന ജോൺ എന്നിവർ ചേർന്ന് നിർവ്വഹിച്ചുകൊണ്ടാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. ചെറുധാന്യങ്ങളുടെ ആരോഗ്യ ഗുണങ്ങളും പാചക വൈവിധ്യവും എടുത്തുകാണിക്കുന്ന മില്ലറ്റ് പ്രദർശനവും ചടങ്ങിന്റെ ഭാഗമായി ഒരുക്കി.

രോഗികൾ, കൂട്ടിരിപ്പുകാർ, ആശുപത്രി ജീവനക്കാർ എന്നിവർക്കായി പോഷകാഹാരം പ്രോത്സാഹിപ്പിക്കുന്ന ഗെയിമുകളും ലക്കി ഡ്രോയും ആഴ്ചയിലുടനീളം സംഘടിപ്പിച്ചു. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ക്രിയാത്മകവും ആരോഗ്യകരവുമായ ഭക്ഷണരീതികൾ പരിചയപ്പെടുത്തിയ ഇന്റർ കോളേജിയറ്റ് 'ഫ്ളേം ലെസ് കുക്കിംഗ്' (തീയില്ലാതെ പാചകം ചെയ്യൽ) മത്സരത്തോടെയാണ് പരിപാടികൾ അവസാനിച്ചത്. ആരോഗ്യകരമായ ഭക്ഷണ തിരഞ്ഞെടുപ്പുകൾക്ക് പ്രചോദനം നൽകുന്നതിനായി വിദ്യാഭ്യാസം, ജനപങ്കാളിത്തം, പുതു പാചക രീതികൾ എന്നിവ ഒരുമിച്ചു കൊണ്ടുവരുന്നതായി മാറി ന്യൂട്രിസാഗ 2026.

# ഓക്സ്ഫോർഡ്ശിവ് നാടാർ അധ്യാപക പുരസ്കാരം കേരളത്തിൽ നിന്ന് രേഖാ രാജന്

**ന്യൂദൽഹി:** ശിവ് നാടാർ ഫൗണ്ടേഷനും ഓക്സ്ഫോർഡ് സർവകലാശാലയിലെ സെയ്ദ് ബിസിനസ് സ്കൂളും സംയുക്തമായി ഏർപ്പെടുത്തിയ 'ഇന്ത്യയിലെ മികച്ച അധ്യാപകർക്കുള്ള പുരസ്കാരം 2026' രാജ്യത്തെ 16 അധ്യാപകർക്ക് ലഭിച്ചു. തിരുവനന്തപുരം പട്ടം പി.എം. ശ്രീ കേന്ദ്രീയ വിദ്യാലയത്തിലെ അധ്യാപിക രേഖാ രാജൻ കൃഷ്ണകുമാരി പൊതുവിദ്യാലയ വിഭാഗത്തിലെ ഇക്കണോമിക്സ് വിഭാഗത്തിൽ മികച്ച അധ്യാപികയായി തിരഞ്ഞെടുക്കപ്പെട്ടു.

32 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി ലഭിച്ച 9,400ലേറെ അപേക്ഷകളിൽ നിന്നാണ് ജേതാക്കളെ തിരഞ്ഞെടുത്തത്. ക്ലാസ് മുറികളിലെ അധ്യാപന മികവും നൂതന അധ്യാപനരീതികളുമാണ് പുരസ്കാരത്തിനായി പ്രധാനമായും പരിഗണിച്ചത്. എട്ട് വിഷയങ്ങളിലായി പൊതു സ്വകാര്യ സ്കൂൾ വിഭാഗങ്ങളിൽ നിന്നുള്ള 16 അധ്യാപകരെയാണ് പുരസ്കാരത്തിന് തിരഞ്ഞെടുത്തത്.





ജേതാക്കൾക്ക് അഞ്ച് ആഴ്ചത്തെ ഹൈബ്രിഡ് പ്രൊഫഷണൽ ഡെവലപ്മെന്റ് പ്രോഗ്രാമിലും തുടർന്ന് ഓക്സ്ഫോർഡ് സർവകലാശാലയിലെ സെയ്ദ് ബിസിനസ് സ്കൂളിൽ ഒരാഴ്ചത്തെ പൂർണമായും ധനസഹായമുള്ള റെസിഡൻഷ്യൽ പഠനപരിപാടിയിലും പങ്കെടുക്കാനുള്ള അവസരം ലഭിക്കും.

ആരതി ഭോക്കർ (പി.എം. ശ്രീ കെ.വി. നമ്പർ 1, ഗയ), ബർഖ കൗശിക് (എൻ.കെ. ബഗ്രോഡിയ പബ്ലിക് സ്കൂൾ, ന്യൂഡൽഹി), വനിത കാബ്ര (ചിൽഡ്രൻസ് അക്കാദമി ഇന്റർനാഷണൽ സ്കൂൾ, മുംബൈ), ഇഷിത പാണ്ഡെ (കെ.വി. എസ്ഇസിഎൽ, ഛത്തീസ്ഗഢ്), ജോവിത പ്രീതി (എഇസിഎസ്. മഗ്നോലോവ മാരുതി പബ്ലിക് സ്കൂൾ, ബെംഗളൂരു), സാക്ഷി ദേശ്വാൾ (പി.എം. ശ്രീ ജിഐസി, പുർക്കാസി, ഉത്തർപ്രദേശ്), സുപർണ്ണ മിശ്ര (ഡൽഹി പബ്ലിക് സ്കൂൾ, കാൺപൂർ), മീര റാത്തോഡ് (ആർമി പബ്ലിക് സ്കൂൾ, ജോധ്പൂർ), വസുന്ധര യാദവ് (ബ്രൈറ്റൺ ഇന്റർനാഷണൽ സ്കൂൾ, റായ്പൂർ), വിനായക് കോഹ്ലി (പി.എം. ശ്രീ കെ.വി., കൊണ്ടഗാവ്, ഛത്തീസ്ഗഢ്), മീന കറുപ്പയ്യ എസ് (മഹാത്മാ ഗ്ലോബൽ ഗേറ്റ്‌വേ, മധുരൈ), ഭഗവതി ബിഷ്ട് (ആർമി പബ്ലിക് സ്കൂൾ, നോയിഡ), എസ്. കൃതിക ഗണേഷ് (പദ്മ ശേഷാദ്രി ബാല ഭവൻ സീനിയർ സെക്കൻഡറി സ്കൂൾ, ചെന്നൈ), ശ്രീറാം എസ്. (ഇളങ്കോ അടികൾ ഗവ. സ്കൂൾ, പുതുച്ചേരി), വൈഷ്ണവി ഭാവെ (സോമൽവാർ സ്കൂൾ നികലാസ്, നാഗ്പൂർ) എന്നിവരാണ് മറ്റ് ജേതാക്കൾ.




# രാജീവ് തൽറേജയുമായി അസൂസ് കൈകോർക്കുന്നു

**കൊച്ചി:** എംഎസ്എംഇ മേഖലയ്ക്ക് കരുത്തേകുന്നതിനായി വ്യവസായ വിദഗ്ധനും ക്വാണ്ടം ലീപ്പിന്റെ സ്ഥാപകനുമായ രാജീവ് തൽറേജയുമായി അസൂസ് ഇന്ത്യ കൈകോർക്കുന്നു. എംഎസ്എംഇ വിഭാഗത്തിന്റെ ഉപദേഷ്ടാവായാണ് രാജീവ് തൽറേജയെ അസൂസ് പ്രഖ്യാപിച്ചത്. ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അനുയോജ്യമായ സാങ്കേതികവിദ്യ സ്വീകരിക്കാനും സാങ്കേതിക തടസ്സങ്ങൾ കുറച്ച് ബിസിനസ് വളർച്ചയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സഹകരണം ലക്ഷ്യമിടുന്നു. ക്വാണ്ടം ലീപ്പിലൂടെ 12 ലക്ഷത്തിലധികം ബിസിനസ് ഉടമകൾക്ക് പരിശീലനം നൽകിയ രാജീവിന്റെ അനുഭവസമ്പത്ത് സഹകരണത്തിന് കരുത്താകും. സംരംഭകരുടെ മാറുന്ന ആവശ്യങ്ങൾ മനസ്സിലാക്കി ഉൽപ്പന്നങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള തുടർച്ചയായ അഭിപ്രായങ്ങൾ നൽകാനും അദ്ദേഹം സഹായിക്കും. സുരക്ഷ, പ്രവർത്തനക്ഷമത, ഈട്, കുറഞ്ഞ പരിപാലനച്ചെലവ് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന അസൂസിന്റെ വിദഗ്ധ പരമ്പരയിലെ കമ്പ്യൂട്ടറുകളെക്കുറിച്ച് എംഎസ്എംഇകൾക്കിടയിൽ അവബോധം വളർത്താനും സഹകരണം ലക്ഷ്യമിടുന്നു.



# പുതിയ ബലെനോ അവതരിപ്പിച്ച് മാരുതി സുസുക്കി

**കൊച്ചി:** മാരുതി സുസുക്കി ഇന്ത്യ പുതിയ  ബലെനോ വിപണിയിലെത്തിച്ചു. 'ഡെയർ ടു ഗോ ഗ്ലാം' ആശയത്തിൽ അവതരിപ്പിച്ച വാഹനത്തിന് പുതുക്കിയ രൂപകൽപ്പനയും നിരവധി പുതിയ സവിശേഷതകളുമുണ്ട്. മുന്നിലെ പുതിയ നെക്സ്വേവ് ഗ്രിൽ, ശിൽപഭംഗിയുള്ള ബമ്പർ, പുതിയ ക്രോം അലങ്കാരങ്ങൾ എന്നിവയാണ് പ്രധാന മാറ്റങ്ങൾ. വിഭാഗത്തിലെ ആദ്യമായി ലെവൽ 2 എഡിഎഎസ് സുരക്ഷാ സംവിധാനവും മുൻ സീറ്റുകളിൽ വായുസഞ്ചാര സംവിധാനവും ബലെനോയിൽ ലഭ്യമാണ്. ക്ലാരിയൻ പ്രീമിയം ശബ്ദസംവിധാനം, വയർലെസ് ഫോൺ ചാർജിങ്, 9 ഇഞ്ച് സ്മാർട്ട്പ്ലേ പ്രോ പ്ലസ് സംവിധാനം തുടങ്ങിയവയും വാഹനത്തിലുണ്ട്. പുതിയ 1.2 ലിറ്റർ ഇസഡ്12ഇ എൻജിനാണ് കരുത്ത് നൽകുന്നത്. മാനുവൽ, ഓട്ടോമാറ്റിക് ഗിയർ ഷിഫ്റ്റ് പതിപ്പുകളിൽ വാഹനം ലഭിക്കും. വില 6.09 ലക്ഷം രൂപയിൽ ആരംഭിക്കും. ബുക്കിങ് 11,000 രൂപയ്ക്ക് ആരംഭിച്ചു.